മിസ്റ്റർ എ. ഈച്ചരമേനോൻ: മെയ്ണ്ട് ബാറന്റെ വരവിനു സ്റ്റോർകീപ്പറായിരുന്നതു് ഈ അസംബ്ലിയിലെ ഒരു മെമ്പറായിരുന്നു എന്നു് അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അറിഞ്ഞുകൂടാ.

RETRENCHMENT COMMITTEE REPORT—CRITICISM REGARDING

37. (൫൬) മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

വ്യയലഘൂകരണ കമ്മിറ്റിക്കാരുടെ തീരുമാനങ്ങൾക്കു വല്ല പൊതുജനാഭിപ്രായങ്ങളും അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: പൊതുജനാഭിപ്രായം അറിയേണ്ട പല കാര്യങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു ഗവണ്മെണ്ടിനറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിൽ അങ്ങിനെ വേണമെന്നു ഗവണ്മെണ്ടിനു തോന്നിയിട്ടില്ല. അതു് ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ റിപ്പോർട്ടിന്മേൽ നടപടിയെടുക്കുന്നതിനുമുമ്പു് റിപ്പോർട്ടു് പരസ്യംചെയ്തിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പരസ്യംചെയ്യുകയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ വി. കെ. ജോസഫ്: പൊതുജനങ്ങൾക്കു കോട്ടം തട്ടുന്ന കാര്യങ്ങളുണ്ടെങ്കിൽ അതിനെപ്പറ്റി കല്പന പാസാക്കുന്നതിനുമുമ്പു് ആ കാര്യത്തെക്കുറിച്ചു് ആക്ഷേപമുണ്ടോ എന്നറിയുവാനായി ഗവണ്മെണ്ടു് അതു പരസ്യംചെയ്യേണ്ടതല്ലേ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗസറ്റിൽപ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പക്ഷെ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ പറ്റി ആരുടേയും ആക്ഷേപം കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: രണ്ടു രജിസ്ട്രാഫീസുകൾ ക്ലബ്ബുചെയ്യുവാൻ പറഞ്ഞിട്ടുള്ളതിനെക്കുറിച്ചു് ആക്ഷേപമുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അതു എവിടേക്കു കൂട്ടിച്ചേർക്കുവാനാണു് പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ചേലക്കരയിലും പഴയന്നൂരുമുള്ള രജിസ്ട്രാഫീസുകൾ ഒന്നാക്കി രണ്ടിന്റേയും മദ്ധ്യപ്രദേശത്തു സ്ഥാപിക്കണമെന്നും ഞാറക്കൽ രജിസ്ട്രാഫീസു് അയുമ്പിള്ളി-ഞാറക്കലിന്റെ മദ്ധ്യത്തിലാക്കണമെന്നുമാണു് പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പി. കെ. പോൾ: റിപ്പോർട്ടിന്റെ കോപ്പികൾ അസംബ്ലി മെമ്പർമാർക്കു കൊടുക്കുവാൻ ഭയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

മിസ്റ്റർ സി. വി. ഐയ്യു: ചേലക്കരയുടേയും പഴയന്നൂരിന്റേയും ഇടക്കു മിക്കവാറും കാട്ടുപ്രദേശങ്ങളാണെന്നു് ഗവണ്മെണ്ടിനു അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: കാട്ടുപ്രദേശങ്ങളും നാട്ടുപ്രദേശങ്ങളുമുണ്ടു്.

ARTICLE IN THE "EXPRESS DATED 13TH KANNI 1124—
"ഇതേതിലും പ്രാധാന്യമേറിയതാണു്"

38. (൫൭) മിസ്റ്റർ സി. വി. ഐയ്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) [illegible] കന്നി [illegible]-ാംതു-ാല "എക്സ്പ്രസ്സ്" (തൃശ്ശിവപേരൂർ) പത്രം ൩-ാം പുറത്തു് പൌരനാദം എന്നതിന്റെ കീഴിൽ "ഇതേതിലും പ്രാധാന്യമേറിയതാണു്" എന്ന തലക്കെട്ടോടുകൂടി പഴഞ്ഞിയിൽനിന്നും "ഒരു സാധു പാട്ടകൃഷിക്കാരൻ" എന്ന അപരനാമത്തിൽ ഒരാൾ എഴുതിയ ലേഖനം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ വിശ്വസ്തീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മേൽപറഞ്ഞ ലേഖനത്തിൽ വിവക്ഷിച്ചിട്ടുള്ള വിധം യഥാർത്ഥ കർഷകന്റെ രക്ഷക്കവേണ്ടി ഗവണ്മെണ്ടു് എന്താണു് ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly